**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6833** **21-03-2023 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിലെ ഡാറ്റാ ബാങ്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിൽ ഡാറ്റാ ബാങ്ക് അന്തിമമായി പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | കേരള ഗസറ്റ് അസാധാരണ Vol.5 നമ്പർ തീയതി 22.10.2016 പ്രകാരം, കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിൽ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചിട്ടുണ്ട്.<br><br>22.10.2016 -ൽ പ്രസിദ്ധീകരിച്ച ഡാറ്റാ ബാങ്കിൽ അപാകതകൾ കണ്ടെത്തിയതിനാൽ ആയത് തിരുത്തി, തിരുത്തൽ വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി, 20.12.2021-ന് എൽ.എൽ.എം.സി കൺവീനറും 11 വില്ലേജുകളിലെ വില്ലേജ് ഓഫീസർമാരും ഒപ്പ് വെച്ച് തെറ്റതിരുത്തി തയ്യാറാക്കിയ ഡാറ്റാബാങ്ക് (ഹാർഡ് കോപ്പിയും സോഫ്റ്റ് കോപ്പിയും), കോർപ്പറേഷൻ സെക്രട്ടറിയ്ക്ക് രേഖാമൂലം നൽകിയിട്ടുണ്ട് എങ്കിലും ആയത് ഇതുവരെയും അന്തിമമായി പ്രസിദ്ധീകരിച്ചിട്ടില്ല. ആയതു അടിയന്തിരമായി പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചിട്ടില്ലെങ്കിൽ കാലതാമസത്തിന് കാരണമെന്താണ്; ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | (ബി) | കേരള ഗസറ്റ് അസാധാരണ Vol.5 നമ്പർ തീയതി 22.10.2016 പ്രകാരം, കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിൽ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചിട്ടുണ്ട്.<br><br>22.10.2016 -ൽ പ്രസിദ്ധീകരിച്ച ഡാറ്റാ ബാങ്കിൽ അപാകതകൾ കണ്ടെത്തിയതിനാൽ ആയത് തിരുത്തി, തിരുത്തൽ വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി, 20.12.2011-ന് എൽ.എൽ.എം.സി കൺവീനറും 11 വില്ലേജുകളിലെ വില്ലേജ് ഓഫീസർമാരും ഒപ്പ് വെച്ച് തെറ്റതിരുത്തി തയ്യാറാക്കിയ ഡാറ്റാബാങ്ക് (ഹാർഡ് കോപ്പിയും സോഫ്റ്റ് കോപ്പിയും), കോർപ്പറേഷൻ സെക്രട്ടറിയ്ക്ക് രേഖാമൂലം നൽകിയിട്ടുണ്ട് എങ്കിലും ആയത് ഇതുവരെയും അന്തിമമായി പ്രസിദ്ധീകരിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| | | | ആയതു അടിയന്തിരമായി പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ